പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5160 02.07.2013 -ൽ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. ലാഭകരമാക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ :<br>" എളമരം കരീം :<br>പ്രൊഫ. സി. രവീന്ദ്രനാഥ് :<br>ഡോ. കെ. ടി. ജലീൽ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ലാഭകരമാക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചു എന്നും അവയിൽ ഏതെല്ലാം പദ്ധതികൾ കഴിഞ്ഞ രണ്ടു വർഷത്തിനകം നടപ്പിലാക്കിയെന്നും വിശദമാക്കാമോ ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം KSRTC-യുടെ വരവും ചെലവും തമ്മിലുള്ള അന്തരം കുറച്ച് ലാഭത്തിലേക്ക് നയിക്കുന്നതിനും കോർപ്പറേഷന്റെ പുനരുദ്ധാരണം സംബന്ധിച്ച പഠനം നടത്തുന്നതിനുമായി M/s. വർമ്മ & വർമ്മ, ചാർട്ടേർഡ് അക്കൗണ്ടന്റ്സ് എന്ന സ്ഥാപനത്തെ നിയോഗിക്കുകയും, പ്രസ്തുത സ്ഥാപനം സമർപ്പിച്ച പഠനറിപ്പോർട്ട് കോർപ്പറേഷന്റെ ഭരണ നിർവഹണ സമിതി അംഗീകരിക്കുകയുമുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ, പ്രതിപാദിച്ച വിവര സാങ്കേതിക വിദ്യയുടെ വ്യാപനം, ഡ്രൈവർമാരുൾപ്പടെയുള്ള ജീവനക്കാർക്ക് നൽകുന്ന പ്രായോഗിക പരിശീലനം, ബസുകളിലെ ഡീസലിന്റെ ഉപഭോഗക്ഷമത വർദ്ധിപ്പിക്കൽ എന്നിവയിൽ നടപടികൾ സ്വീകരിച്ച് വരുന്നു. ഇക്കാര്യം നടപ്പിലാക്കുന്നതോടുകൂടി കാര്യക്ഷമത വർദ്ധിക്കുകയും, ചെലവുകൾ കുറയുകയും വരവും - ചെലവും തമ്മിലുള്ള അന്തരം കുറയ്ക്കുകയും ചെയ്യാമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. കൂടാതെ പദ്ധതി വിഹിതമായി വകയിരുത്തുന്ന തുക ചെലവഴിച്ച് വർക്ക്ഷോപ്പുകളുടെ നവീകരണം, കംപ്യൂട്ടറൈസേഷൻ, ജീവനക്കാർക്ക് |

| | | | |
|---|---|---|---|
| | | | പരിശീലനം, അടിസ്ഥാന സൗകര്യ വികസനം, പുതിയ ബസ് വാങ്ങൽ എന്നീ പ്രവർത്തനങ്ങളും നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | സംസ്ഥാന ബഡ്ജറ്റിൽ കെ.എസ്. ആർ.ടി.സി.ക്കായി പ്രഖ്യാപിച്ചത് എത്ര കോടിയുടെ പാക്കേജാ യിരുന്നു ; | (ബി) | 2013-14 വർഷത്തേക്കുള്ള ബജറ്റിൽ, കെ.എസ്.ആർ.ടി.സി.ക്ക് വായ്പയിനത്തിൽ 125 കോടി രൂപയും പദ്ധതി വിഹിതമായി 59 കോടി രൂപയുമാണ് വകയിരുത്തി യിട്ടുള്ളത്. കോർപ്പറേഷൻ അഭിമുഖീകരി ക്കുന്ന സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ 100 കോടി രൂപയുടെ പ്രത്യേക സഹായം ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. തുടർന്ന് കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത്, 100 കോടി രൂപയുടെ അധിക സഹായവും പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) | ഇത് ഏതെല്ലാം ആവശ്യങ്ങൾ ക്കായി ആണ് അനുവദിച്ചതെന്നും അവയിൽ എന്ത് തുക കെ.എസ്. ആർ.ടി.സി.ക്കായി ലഭ്യമാക്കിയെ ന്നും വിശദമാക്കുമോ ; | (സി) | വായ്പയിനത്തിൽ നൽകിയിരിക്കുന്ന 125 കോടി രൂപയും സർക്കാർ അധിക ധനസഹായമായി പ്രഖ്യാപിച്ചിട്ടുള്ള 200 കോടി രൂപയും പ്രവർത്തന മൂലധന ചെലവിലേയ്ക്കാണ് വിനിയോഗിക്കുക. പദ്ധതിയിനത്തിൽ പ്രഖ്യാപിച്ച 59 കോടി രൂപ മൂലധന ചെലവിലേക്കുമാണ് ഉപയോഗിക്കുക. പ്രവർത്തന മൂലധന ചെലവിലേക്ക് അനുവദിച്ച 125 കോടി രൂപയിൽ 82 കോടി രൂപ ലഭ്യമാക്കുകയും പ്രസ്തുത തുക ചെലവഴിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. പദ്ധതിയിനത്തിൽ വകയി രുത്തിയ തുകയ്ക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | പൊതുമേഖലാ എണ്ണ കമ്പനികൾ ഡീസൽ വില വർദ്ധിപ്പിച്ചതിനെ തുടർന്ന് കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടായ ബാദ്ധ്യത ഇല്ലാതാക്കുന്ന തിന് നിലവിലുള്ള കേസ്സിൽ | (ഡി) | സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്.<br>പൊതുമേഖലാ എണ്ണ കമ്പനികൾ, കോർപ്പറേഷനെ Bulk Consumer പട്ടിക യിൽപെടുത്തി ഡീസൽ സബ്സിഡി പിൻവലിച്ചതിനെ തുടർന്ന് കോർപ്പറേഷനു |

| | | | |
|---|---|---|---|
| | സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ; | | ണ്ടായ അധിക ബാദ്ധ്യത ചൂണ്ടിക്കാണിച്ച് ബഹു. ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യുകയുണ്ടായി. ഇതേ വിഷയത്തിൽ തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബഹുമാനപ്പെട്ട മദ്രാസ് ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ ലഭിച്ച ആനുകൂല്യം മുൻനിർത്തിയാണ് കോർപ്പറേഷൻ കേസ് ഫയൽ ചെയ്തത്. ലാഭേച്ഛ കൂടാതെ പൊതുജന സേവനം ലക്ഷ്യമാക്കി സർവ്വീസ് നടത്തുകയും പ്രവർത്തിക്കുകയും ചെയ്യുന്ന കോർപ്പറേഷന്റെ പ്രവർത്തനം ഡീസൽ സബ്സിഡി പിൻവലിച്ചതിലൂടെ സാമ്പത്തിക പ്രതിസന്ധി മറികടക്കാനാകാതെ സ്തംഭിപ്പിക്കപ്പെടുമെന്നും, ഇതുമൂലം ഭരണഘടനയിലെ മൗലികാവകാശലംഘനം ഉണ്ടാകുമെന്നും, 1950-ലെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ആക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ഹനിക്കപ്പെടുമെന്നും കോർപ്പറേഷൻ സത്യവാങ്മൂലത്തിലൂടെ ബഹു. കോടതിയുടെ ശ്രദ്ധയിൽപെടുത്തി. ഈ കേസ്സിൽ കോർപ്പറേഷന്റെ വാദമുഖങ്ങൾ അംഗീകരിച്ച ശേഷം പൊതുമേഖലാ എണ്ണ കമ്പനികൾ ഡീസൽ സബ്സിഡി പിൻവലിച്ച നടപടി താൽക്കാലികമായി നിർത്തിവെയ്ക്കാൻ ഇടക്കാല ഉത്തരവിലൂടെ ബഹു. ഹൈക്കോടതി വിധി പ്രസ്താവിക്കുകയുണ്ടായി. |
| (ഇ) | പ്രസ്തുത കേസ്സിന്റെ നടത്തിപ്പിനായി സുപ്രീംകോടതിയിലെ പ്രഗത്ഭരായ അഭിഭാഷകരെ നിയോഗിക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ ? | (ഇ) | ആവശ്യമെന്ന് കാണുന്നപക്ഷം പ്രസ്തുത കേസ്സിന്റെ നടത്തിപ്പിനായി കോർപ്പറേഷനു വേണ്ടി സുപ്രീം കോടതിയുലെ പ്രഗത്ഭരായ അഭിഭാഷകരെ നിയോഗിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ